നം.2431/ഇ2/2020/കെഎസ്എച്ച്ഒ 17/03/2020

# സർക്കുലർ

വിഷയം:- സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) -സംസ്ഥാന-ജില്ലാ മിഷനുകളിലെ കരാർ ജീവനക്കാരുടെ സേവനകാലാവധി ദീർഘിപ്പിക്കുന്നത് - പെർഫോമൻസ് അപ്രൈസൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്

കുടുംബശ്രീയിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ജീവനക്കാരുടെയും കരാർ കാലാവധി 31/03/2020 ന് അവസാനിക്കുകയാണ്. കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് താൽപ്പര്യമുള്ള ജീവനക്കാർ രേഖാമൂലമുള്ള അപേക്ഷയും, 2020 ഫെബ്രുവരി മാസം വരെയുള്ള പ്രവർത്തനം വിലയിരുത്തുന്നതിനുള്ള പെർഫോമൻസ് അപ്രൈസൽ ഫോമും ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ഓഫീസർക്ക് 2020 മാർച്ച് 20 നുമുമ്പ് സമർപ്പിക്കേണ്ടതാണ്. പെർഫോമൻസ് അപ്രൈസൽ സമർപ്പിക്കുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും നിയമനം നൽകിയിട്ടുള്ള എല്ലാ കരാർ ജീവനക്കാരും (നഗരസഭ/കോർപ്പറേഷനുകളിൽ സേവനമനുഷ്ഠിക്കുന്ന കരാർ ജീവനക്കാർ ഉൾപ്പെടെ) കരാർ ദീർഘിപ്പിക്കുന്നതിന് താൽപ്പര്യമുള്ള പക്ഷം, രേഖാമൂലമുള്ള അപേക്ഷ, പെർഫോമൻസ് അപ്രൈസൽ എന്നിവ ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ഓഫീസർക്ക് 2020 മാർച്ച് 20 നുമുമ്പ് സമർപ്പിക്കേണ്ടതാണ്.
2. പെർഫോമൻസ് അപ്രൈസലുകൾ ഓൺലൈനായി സമർപ്പിക്കേണ്ടതില്ല.
3. അപ്രൈസൽ കാലയളവിൽ സേവനമനുഷ്ഠിച്ച ജില്ല/പ്രോജക്ടിലെ ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ഓഫീസർമാർക്ക് അപ്രൈസൽ സമർപ്പിക്കേണ്ടതാണ്. സംസ്ഥാന മിഷനിൽ ലഭ്യമാക്കുന്ന അപ്രൈസലിൽ മുഴുവൻ കാലയളവിലെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടതാണ്.
4. റിപ്പോർട്ടിംഗ് ഓഫീസർമാർക്ക് രേഖാമൂലം ലഭ്യമാകുന്ന അപ്രൈസൽ ഫോമുകൾ കൃത്യമായി പരിശോധിച്ച് വ്യക്തമായ ശുപാർശ രേഖപ്പെടുത്തി 25/03/2020 നു മുമ്പ് റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതും, റിവ്യൂവിംഗ് ഓഫീസർ അപ്രൈസൽ റിവ്യൂ ചെയ്ത് 30/03/2020 നു മുമ്പ് പ്രത്യേക ദൂതൻ മുഖാന്തിരം ജില്ലയിലെ മുഴുവൻ അപ്രൈസൽ ഫോമുകളും സംസ്ഥാന മിഷനിൽ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്.
5. സംസ്ഥാന മിഷനിലെ മുഴുവൻ കരാർ ജീവനക്കാരും കരാർ കാലാവധി ദീർഘിപ്പിക്കാൻ താൽപ്പര്യമുള്ള പക്ഷം, അപേക്ഷയും പെർഫോമൻസ് അപ്രൈസലും 23/03/2020 നു മുമ്പ് എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.

6. 2020 മാർച്ച് 30 ന് ശേഷം സംസ്ഥാന മിഷനിൽ ലഭിക്കുന്ന ഒരു അപ്രൈസലും പരിഗണിക്കുന്നതല്ല.
7. കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനാവശ്യമുള്ള ജീവനക്കാർ തങ്ങളുടെ അപ്രൈസൽ ഫോമുകൾ പാര 4 ലെ നിർദ്ദേശങ്ങൾ പാലിച്ച്, 2020 മാർച്ച് 30 നു മുമ്പ് സംസ്ഥാന മിഷനിൽ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. സംസ്ഥാന മിഷനിൽ ലഭ്യമാക്കുന്ന അപ്രൈസലുകളിൽ കരാർ ദീർഘിപ്പിക്കണെമെന്നുള്ള ജീവനക്കാരന്റെ അപേക്ഷ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
9. യഥാസമയം അപ്രൈസൽ സമർപ്പിച്ച് കരാർ ദീർഘിപ്പിച്ച് ഉത്തരവ് ലഭിക്കുന്ന ജീവനക്കാർക്ക് മാത്രമേ 2020 ഏപ്രിൽ മാസത്തെ വേതനം അനുവദിക്കാൻ പാടുള്ളൂ.
10. അപ്രൈസൽ ഫോം കുടുംബശ്രീ വെബ്സൈറ്റിൽ ലഭ്യമാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

1. എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
3. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, എൻ.ആർ.ഒ (എസ്.റ്റി പ്രോജക്ട് ഇൻചാർജ്ജ്)
4. സംസ്ഥാന മിഷനിലെ ബന്ധപ്പെട്ട ജീവനക്കാർക്ക്
5. ജില്ലാ മിഷനിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് (ഡി.എം.സി. മുഖേന)

*പകർപ്പ്*
വെബ്സൈറ്റ്
കരുതൽ / അധികം

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ